# ഇടശ്ശേരിക്കവിതയിലെ ഉദാത്തനർമം

അക്കിത്തം

ഭാവശബളതയുടെ കൂലംകുത്തിയൊഴുക്കിൽ അടിപതറാത്ത ആർഷകവിചേതനയുടെ സർവതന്ത്രസ്വതന്ത്രതയിൽ ഉദിക്കുന്ന നിസംഗവും നിരുപദ്രവവുമായ നർമം എന്താണെന്ന് ആദ്യം എനിക്കു ബോധ്യപ്പെട്ടത് ഇടശ്ശേരിയുടെ ഒരു കവിത വായിച്ചാസ്വദിച്ച നിമിഷത്തിലാണ്.

1935-നും 1940-നും ഇടയിൽ, ഒൻപതുവയസ്സിനും പതിന്നാലുവയസ്സിനും ഇടയിൽ ഞാൻ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ വായിച്ച 'ചോലമലർ' എന്ന കവിത ഒരു കുമാരഹൃദയത്തെ ആവർജിക്കാവുന്നതിലുമധികം പരിമിതവാഗ്മിത്വം ഉൾക്കൊള്ളുന്നതായിട്ടും അതെന്നെ ഹരം പിടിപ്പിച്ചു. എന്തുകൊണ്ട് എന്നൊന്നും നിശ്ചയമില്ല. എങ്കിലും അതു വായിക്കുമ്പോൾ ചിരി വന്നിരുന്നു. ഏതോ കുസൃതി അതിലുണ്ടെന്നു ഞാൻ അനുഭവിച്ചറിഞ്ഞിരുന്നു എന്നു സ്പഷ്ടം.

'നീലച്ചുകാണുമാക്കുന്നിൻചെരിവിലെ-
ച്ചോലയിൽപ്പച്ചപ്പടർപ്പിലൊന്നിൻ
ഉല്ലസിക്കുന്നുണ്ടു മെല്ലവേ മെല്ലവേ
ഫുല്ലമാകുന്നോരു ചാരുപുഷ്പം
ആ വഴി പോകരുതാവഴിപോകരു-
താലോലംവെമ്പുന്ന വാർതെന്നലേ,
നിന്നെപ്പിടിച്ചു വിഴുങ്ങുവാനങ്ങൊരു
പന്നഗമുണ്ടാവില്ലെന്നാരു കണ്ടു?'

ചിരിവരുന്നത് എന്തിന് എന്നു നിശ്ചയമില്ല. എന്നാലും ഇതൊരു പൂവിനെപ്പററിയാണ് എന്നേ ധരിച്ചുള്ളു. 'അത്രയേ കവിതയിൽനിന്നു പ്രതീക്ഷിക്കേണ്ടതുള്ളു', എന്നാൽത്തന്നെ അതു മനോഹരമാണല്ലോ. ഇല്ലത്തെ കുളക്കരയിലും അരമംഗലത്തമ്പലത്തിലെ കുളക്കരയിലും 'നുഞ്ഞിപ്പാട'ത്തെയും 'മണ്ണുപ്പാട'ത്തെയും തോട്ടുവക്കുകളിലും കൈതയോ കൈനാറിയോ പൂത്തു നിൽക്കുന്നത് എത്ര തവണ ഞാൻ നിന്നാസ്വദിച്ചിട്ടില്ല? അവയ്ക്കിടയിൽ സർപ്പങ്ങളെ കാണുകയും പതിവായിരുന്നു. കൊടങ്ങഴിവളപ്പിൽ കൃഷ്ണൻ നായരല്ലെങ്കിൽ അഹമ്മദാലിയോ കുഞ്ഞിമരയ്ക്കാരോ ആരെങ്കിലും പൊട്ടിച്ചുതന്ന കൈനാറിപ്പൂവിന്റെ അല്ലെങ്കിൽ കുമിഞ്ഞിരുന്ന മാദകഗന്ധത്തെ അനുസ്മരിപ്പിക്കാൻ കഴിഞ്ഞതുകൊണ്ടുകൂടി ആയിരിക്കാം ആ കവിത, ആ കുമാരനെ അത്രയേറെ രസിപ്പിച്ചത്. എന്തായാലും ഒരു കുട്ടിയെപ്പോലും പിടിച്ചു നിർത്താൻ കഴിഞ്ഞ ആ കവിതയുടെ ഗുണം ലാളിത്യം മാത്രമായിരുന്നില്ല എന്നു ഞാൻ മനസ്സിലാക്കുന്നു. ആ കവിതയിലെ അസാധാരണത, ആദ്യന്തം നിഗൂഢമായി അതിന്റെ അടിയിൽ തുടിച്ചുനിന്ന നർമബോധം തന്നെ ആയിരുന്നു എന്നാണ് ഇന്ന് എന്റെ പക്ഷം.

അല്പദിവസങ്ങൾക്കുശേഷം ആ കവിത വീണ്ടും വായിക്കാനിടവന്നപ്പോഴാണ് വായിക്കുംതോറും കൂടുതൽ കൂടുതൽ നമ്മെ വശീകരിക്കുന്ന എന്തോ ഗുണം ഈ കവിതയിലുണ്ടെന്ന് എനിക്കു ബോധ്യപ്പെട്ടത്. കാരണം, ഇത്തവണ ആ കവിതയിലെ ദ്വിതീയഖണ്ഡികയിലൂടെ കടന്നുപോന്നപ്പോഴാണ് വെറും പൂവിനെപ്പററിയുള്ളതല്ല അതെന്നു കണ്ടെത്തിയത്. ഒരു പുതിയ അർഥതലം മനസ്സിൽ പെട്ടെന്ന് ആസ്താരിതമാവുന്നതായി അനുഭവപ്പെട്ടു.

'ഓളം തുളുമ്പുന്നു നീളെപ്പരിമള-
മോരോ ദളവും വിടർന്നിടുമ്പോൾ;
സഞ്ചരിച്ചീടുന്നു ചുററിലും തന്നുടെ
കാഞ്ചനമഞ്ജുളകാന്തിപൂരം,
ചേലുററ ചേതന ചേർന്നലിഞ്ഞിടൂമാ-
റേതെഴകിന്നീ വിടർന്നതാവോ!
സംതൃപ്തനായിങ്ങടങ്ങുക കാർവണ്ടേ,
സഞ്ചരിക്കേണ്ട നീയത്രത്തോളം
എമ്പാടും സൗരഭ്യം ചിന്തുമാത്തൂമലർ
ചമ്പകമാവില്ലെന്നാരറിഞ്ഞു?'

ഇതിലെ 'കാർവണ്ട്' എന്ന പദമാണ് എന്റെ മനസ്സിനെ മറെറാരു മാനത്തിലേക്കു വ്യതികരിപ്പിച്ചത്. കാരണം, പൂവും വണ്ടും കവിതയിൽ കൂടിച്ചേരുന്നിടത്ത് കാമുകീകാമുകന്മാരെ കണ്ടെത്തുവാൻ കഴിയുമെന്ന് അന്നേക്കു തന്നെ എനിക്കു മനസ്സിലായിട്ടുണ്ടായിരുന്നു.

'ചഞ്ചൽക്കൺമുനയേററു നീ, വിറയെഴും
പൂമെയ്തൊടുന്നുണ്ടു നീ'

എന്നു തുടങ്ങുന്ന ശാകുന്തളപദ്യം അതിനു മുൻപുതന്നെ വായിച്ചിരുന്നതാവാം ഈ അനുഭൂതി വിശേഷണത്തിനു നിദാനമായിത്തീർന്ന വസ്തുത. എന്നാൽ, തുടർന്നു മൂന്നാമത്തെ ഖണ്ഡികയിൽ സവിശേഷശ്രദ്ധ പതിപ്പിച്ചപ്പോഴാകട്ടെ, അനുഭവം വീണ്ടും വികാസവിധേയമായി. എങ്ങനെയെന്നാൽ,

'ഇന്നും പതിവിനു പൊന്നണിഞ്ഞെത്തിയ
സുന്ദരിയായൊരു പൂമ്പുലരി
അമ്മനോഹാരിത മുൽപ്പെട്ടവാറുതാ-
നങ്ങനെതന്നെ വിളർത്തുനിൽപ്പൂ.
പൂക്കൊട്ടയേന്തിക്കൊണ്ടെങ്ങോട്ടു പായുന്നൂ
പൂജക, താങ്കളൊന്നാലോചിക്കൂ;
ദേവസപര്യക്കു പാവനമായൊരു
പൂവനപ്പൂവല്ലേ യോഗ്യമാവൂ?'

എന്ന വരികളിലുള്ളതു കാമുകിയുടെ പാവനത്വമല്ല. അടുത്ത ഖണ്ഡികയാകട്ടെ, ആ കാര്യം നിസ്സന്ദേഹം ഉറപ്പിക്കുകയും ചെയ്തു:

'ചാരമുകുളമായ് മിന്നിയിതിന്നലെ,
പാരിനുണ്ടപ്പഴേ പാരവശ്യം,
പൊന്നന്തിച്ചെങ്കൊടിക്കൂറകണ്ടങ്ങനെ-
യിന്നലെത്തെപ്പകൽ നിന്ന നേരം
വെൺമുകിൽച്ചില്ലണിമൂടിയുയർത്തിയ
തന്നുടെ ജാലകത്തിങ്കലൂടെ
ഒന്നിങ്ങു നോക്കിയ താരമിളകീല
നിന്നനിലയിലിപ്പോയ രാവിൽ
എന്തിത്ര കമ്പംപിടിക്കുവാനുള്ളതൊ-
ന്നേതോ പൂമൊട്ടുവഴിക്കു കണ്ടാൽ?'

ഏതോ പൂമൊട്ട് എന്നു പറയാൻ വയ്യാത്ത ആ ചോലമലരിനെ താരം സാധാരണമല്ലാത്ത കമ്പത്തോടുകൂടി നോക്കിയതിലെ തെററാണ് ആദ്യം കവി ചൂണ്ടിക്കാണിച്ചത്. എന്നാൽ, തുടർന്നദ്ദേഹത്തിന്റെ ചിന്ത മറുഭാഗത്തേയ്ക്കു തിരിയുന്നു:

'അല്ലെങ്കിലേററം നിഗൂഢതയിങ്കലേ
ഫുല്ലമാകാവൂ സുമങ്ങളേതും,
ഒല്ലാത്ത കൺകളിൽനിന്നു പുറപ്പെടും
കല്ലേറുകൊള്ളരുതെന്നുണ്ടെങ്കിൽ'

ഇങ്ങനെ കവിതയുടെ ഒടുവിലെത്തുമ്പോഴാണ് പ്രകൃതിയുടെ മൂലസ്വഭാവത്തെയും മനുഷ്യന്റെ സാമൂഹ്യനിയമത്തെയും അന്യോന്യം ഉരച്ചുനോക്കി വെളിച്ചം പുറപ്പെടുവിക്കുകയാണ് കവി ചെയ്യുന്നതെന്ന അപ്രതീക്ഷിതബോധംകൊണ്ടു ഞാൻ ധന്യനായത്. ഭാവശബളതയുടെ കൂലംകുത്തിയൊഴുക്കിൽ അടിപതറാത്ത ആർഷകവിചേതനയുടെ സർവതന്ത്രസ്വതന്ത്രതയിൽ ഉദിക്കുന്ന നിസ്സംഗവും നിരുപദ്രവുമായ നർമം എന്താണെന്ന് ആദ്യം എനിക്കു ബോധപ്പെട്ടതും ആ നിമിഷത്തിലായിരുന്നു. നവരസങ്ങളിലൊന്നായ ഹാസ്യത്തിന് ഉദാത്തകവിതയാവാൻ വയ്യ എന്ന സാധാരണമതത്തിനും അപവാദമുണ്ട് എന്നു പറയേണ്ടിവരുമ്പോൾ പിൽക്കാലത്തു പലപ്പോഴും എന്റെ മനസ്സിലേക്കു കടന്നുവരാറുള്ളതും ഈ കവിതയാണ്.

എന്തായാലും ആദ്യത്തെ കവിതകൊണ്ടുതന്നെ 'എന്നെ സൂക്ഷിക്കുക' എന്ന് എന്റെ ചെവിയിൽ മന്ത്രിച്ചതു കാരണമാണ് അതെഴുതിയ ആളുടെ നാമധേയം അവസാനം ഞാൻ മനസ്സിലെ ശിലാഫലകത്തിൽ കൊത്തിവച്ചത്. അതിന്റെ തുടർച്ച എന്ന നിലയിലാണ് 1940-ൽ 'അളകാവലി' എന്ന പുസ്തകത്തിന്റെ പരസ്യത്തിൽ 'ഇടശ്ശേരി ഗോവിന്ദൻനായർ' എന്ന പേരു കണ്ടപ്പോൾ പന്ത്രണ്ടണ വിലയുള്ള ആ പുസ്തകം വി.പി.യായി വരുത്തി വായിക്കുകതന്നെ വേണം എന്നു ഞാൻ നിശ്ചയിച്ചത്. ഇല്ലങ്ങളിൽ ചാത്തമുണ്ണാൻ പോയിട്ടു കിട്ടിയ 'നാലണ ഏഴുപൈ'കൾ കൂടിച്ചേർന്നു മൂന്നോ നാലോ ഉറുപ്പിക മേശവലിപ്പിലുണ്ടായിരുന്നത് എടുത്തുകൊടുത്തിട്ടാണ് വി.പി. കൈപ്പററിയത്. മേശപ്പുറത്തിരിക്കുന്ന ആ പുസ്തകം കൗതുകപൂർവം എടുത്തു വായിച്ചു തീർത്തശേഷമാണ് എന്നെ ഇംഗ്ലീഷ് പഠിപ്പിച്ചുകൊണ്ടിരുന്ന ശ്രീ. ടി. ഉണ്ണികൃഷ്ണമേനോൻ പറഞ്ഞത്: "കുററിപ്പുറം സ്കൂളിൽ എന്റെ ശിഷ്യനായിരുന്ന ഗോവിന്ദനായിരിക്കാം ഈ കവി. ഞാനൊന്നന്വേഷിക്കട്ടെ."

ഇതിത്രയും പരത്തിപ്പറഞ്ഞത് എന്തിനാണെന്നല്ലേ? എന്റെ ഗുരുവിന്റെ കവിത എന്ന നിലയ്ക്കല്ല

ഞാൻ ഇടശ്ശേരിക്കവിതയുടെ ആരാധകനായിത്തീർന്നത്. എന്റെ ആരാധനാപാത്രമായിത്തീർന്നിരുന്ന ഇടശ്ശേരി എന്റെ ഗുരു കൂടി ആയിത്തീരുന്നതിനുവേണ്ടി വാത്സല്യപൂർവം താഴോട്ടിറങ്ങിവരികയാണുണ്ടായത്. അദ്ദേഹം അവസാനകാലത്തെഴുതിയ കവിതകൾകൂടി ഇന്നെന്നോടു പറയുന്നു. "ഈ കൃതികളുമായി ഇടപഴകാൻ കഴിഞ്ഞതാണ് നിന്റെ ഭാഗ്യം." ഇപ്പോഴും അദ്ദേഹത്തിന്റെ ഏതു കവിത എപ്പോഴെടുത്തു വായിച്ചാലും എന്തെങ്കിലുമൊരു അഭൂതപൂർവപ്രകാശം വന്ന് എന്നെ ഒരു തോര കൂടിയെങ്കിലും ഉയർത്തുന്നു. ഉദാഹരണത്തിന്, ഒടുവിൽ പുറത്തുവന്ന ഇടശ്ശേരിക്കൃതികളിൽ ഒന്നായ 'കുങ്കുമപ്രഭാത'ത്തിലെ 'ഉത്തരം' എന്ന ലഘുഗീതകം നോക്കൂ:

'ഉണ്ടീലാ നിറവയറുറങ്ങീലൊരുയാമം,
കണ്ടീലാ പകൽക്കിനാവിന്റെ സുന്ദരവക്ത്രം,
സ്വച്ഛന്ദപ്രണയത്തിൻ സ്വാദറിഞ്ഞീലാ വെറും-
മച്ഛനാകുവാൻ വേണ്ടീട്ടൊരു പെണ്ണിനെക്കെട്ടീ-
ട്ടവൾപെററിട്ടൊരലോസരഭാണ്ഡവും ജ്ഞാന-
ലവവും ദുർഗ്രാഹ്യമാം കർമയോഗവും പേറി,
നരച്ചുകുരച്ചയ്യോ തനതാം കുഴിവക്ക-
ത്തിരിക്കും ഭവാനോടു ഞാനൊന്നു ചോദിച്ചോട്ടെ:
'സത്വത്തിൻ നുരപൊന്തുമിത്തലയ്ക്കകത്തെന്തു-
ണ്ടിത്രയും കാലം വാർക്കാതുറഞ്ഞ കണ്ണീരെന്യേ?
'തർക്കമി,ല്ലൊരു ചോദ്യമങ്ങോട്ടും ചോദിച്ചോട്ടെ,
സ്വർഗത്തിൻ വാഗ്ദാനമാം യൗവനപ്പൂതുകുമ്പേ,
എന്റെ തെററുകൾ പകർത്തീടായ്‌വാനെന്തുണ്ടനു-
ജന്റെ കീശയിലിപ്പോൾ, ചരസ്സോ ചാരായമോ?'

ഇടശ്ശേരിക്കവിതയിൽ ആദ്യന്തം വ്യാപ്തമായ മഹർഷിസാധാരണമായ ഈ നർമം, ഉദാത്തത, സ്വപ്രത്യയസ്ഥൈര്യം, നിർലേപത അതാണ് എന്നും എനിക്ക് ശരണീയസ്ഥാനമെന്ന് ഇപ്പോളെനിക്കു തോന്നുന്നു. കുഞ്ചൻനമ്പ്യാരുടെ നർമവുമായി ധ്രുവാന്തരവിദൂരസ്ഥമായ ബന്ധമേ ഇതിനുള്ളൂ. കവിതയിലെ ആത്മാർഥത എന്ന സത്യത്തിനു നർമം ഒരു മൂടുപടമായിത്തീരുന്നത് 'വെറും കവി'കളുടെ കാര്യത്തിൽ മാത്രമാണെന്ന് ഇടശ്ശേരിയുടെ ഉദാത്തനർമം എപ്പോഴും അനുസ്മരിപ്പിക്കുന്നു. എപ്പോഴും പൊട്ടിക്കരയുന്ന കവികൾക്ക് ഈ നർമം കൈവന്നില്ല എന്നു വരാം. പക്ഷേ, 'വാർക്കാതുറഞ്ഞ കണ്ണീരി'ന്റെ കവിതയ്ക്ക് ആ നർമം പ്രകാശകിരണങ്ങളുടെ കൂത്തമ്പലമായ ആയസ്ഫടികമാണ്.

ഇതുവരെപ്പറഞ്ഞത് ഇടശ്ശേരിക്കവിതയിലെ അന്തർഭാഗഗരിമയെക്കുറിച്ചാണെങ്കിൽ, ഇനി പറയേണ്ടത് ബഹിർഭാഗഗരിമയെക്കുറിച്ചാണ്. അതിലൂടെ ചവിട്ടിക്കയറിയിട്ടല്ലാതെ അന്തർഭാഗഗരിമയിലെത്താനാവില്ലെന്നു ദൃഢമായി വിശ്വസിച്ചിരുന്ന കവിയാണ് ഇടശ്ശേരി. ചരസ്സിന്റെയും ചാരായത്തിന്റെയും യുഗത്തിനു വിഭാവനം ചെയ്യാവുന്നതിനപ്പുറമായിരുന്നു അതിലെ നിഷ്കൃഷ്ടത.

ഒററ ഉദാഹരണമേ ഇവിടെ ഉന്നയിക്കേണ്ടതുള്ളൂ. 'അളകാവലി'യിലെ 'കാളവണ്ടി' എന്ന കവിത ഓർമയില്ലേ? തികച്ചും സ്ഥൂലപ്രപഞ്ചമാണ് അതിലെ പ്രമേയം. ആ കവിതയെപ്പററി ഒരിക്കൽ ഇടശ്ശേരിയോടു ഞാൻ ചോദിച്ചു: "ഉപജാതിവൃത്തത്തിലാണല്ലോ കവിതയുടെ ആദ്യന്തങ്ങൾ രചിക്കപ്പെട്ടിട്ടുള്ളത്?"

"അതെ."

"എങ്കിൽപ്പിന്നെ ആ കവിതയുടെ അവസാനഖണ്ഡികയിൽ വരുന്ന വണ്ടിക്കാരന്റെ പാട്ടുമാത്രം രഥോദ്ധതാവൃത്തത്തിലാക്കിയത് എന്തിനാണ്?"

"പാട്ടു പാട്ടുതന്നെ ആയാലല്ലേ ഔചിത്യം?"

"മനസ്സിലായില്ല. രഥോദ്ധത പാട്ടാണെങ്കിൽ ഉപജാതിയും പാട്ടല്ലേ?"

അദ്ദേഹം ഒന്നു പൊട്ടിച്ചിരിച്ചിട്ടു പറഞ്ഞു:

"രഥോദ്ധതയിലുള്ള ആ അഞ്ചുശ്ലോകങ്ങൾ പാനമട്ടിലും ചൊല്ലാം."

ഇതൊരു കൺതുറപ്പൻ അനുഭവമായിരുന്നു. ഞാൻ പാനമട്ടിൽ അതു ചൊല്ലിനോക്കി:

'ലോകചക്രമുരുളുന്നിതുദ്രയോ-
പേത, മെന്റെ പൊളിയുന്ന വണ്ടിയോ,
വ്യാകുലത്വമരുളുന്നു നൊണ്ടിയായ്-
പ്പോകുവോരു കൊലയാനപോലവേ.
സാക്ഷിമാത്രമുലകിന്നു നീയിനി-
ക്കർമമററു രഥമേ, കിടക്കയായ്
നിർവികാര, മുലകിന്റെയിത്വരൗൽ-

സുക്യമേററമുയരെപ്പറക്കവേ,
വിട്ടുപോകുമുടനെന്നെ,യിച്ചട-
പ്പുററപോതുമഴകൊത്ത കാളകൾ
ഇത്രനാളുമിവനെബ്ഭരിച്ചൊരാ
മൂർത്തധർമചരിതങ്ങളാണവ.
പാരിനില്ല പഥി നിന്നു നോക്കുവാൻ
നേരമത്ര ഗതിവേഗചോദിതം;
ഞാനിടയ്ക്കു വരുതുന്നുവെങ്കിലോ,
ഞാനിരുന്നു കരയേണമത്രതാൻ,
ലോകചക്രമുരുളുന്നിതുദ്രയോ-
പേത, മെന്തിനഴൽ മുഗ്ധകീരമേ,
നമ്മെയേതു കരമോ പിടിച്ചു പിൻ-
തള്ളി വെൽവു ദൃഢമെങ്ങുമക്കരം!'

ഇവിടെ എന്റെ ചോദ്യം വീണ്ടും തലപൊക്കി: "സംസ്കൃതവൃത്തമായ രഥോദ്ധതയും മലയാളവൃത്തമായ പാനയും ഒന്നുതന്നെയാണ് എന്നല്ലേ ഇതിന് അർഥമുള്ളു?" ഇടശ്ശേരി പറഞ്ഞു: "അല്ല, സംശയമുണ്ടെങ്കിൽ ആശാന്റെ,

'തന്നതില്ല പരനുള്ളുകാട്ടുവാ-
നൊന്നുമേ നരനുപായമീശ്വരൻ;
ഇന്നു ഭാഷയിതപൂർണമിങ്ങഹോ
വന്നുപോം പിഴയുമർഥശങ്കയാൽ.'

എന്ന ശ്ലോകം പാനമട്ടിൽ ഒന്നു ചൊല്ലിനോക്കൂ. ഞാൻ നോക്കി. ആശ്ചര്യം! അതൊരിക്കലും പാനമട്ടിൽ ചൊല്ലാൻ എനിക്കു കഴിഞ്ഞില്ല. ഇന്നും കഴിയുന്നില്ല.

**** ****

1974 ഡിസംബർ അവസാനത്തിൽ തുഞ്ചൻപറമ്പിൽവച്ച് സമാരംഭിക്കപ്പെട്ട ഇടശ്ശേരി സ്മാരകനിധി സംഭരണം ഇന്നും ലക്ഷ്യത്തിലെത്തിയിട്ടില്ല. ഒററ ഉറുപ്പികകളിലൂടെയാണ് സംഭരണം ആരംഭിക്കപ്പെട്ടത് എന്ന് ഓർക്കണം. ഇടശ്ശേരി ഗോവിന്ദൻനായരെന്ന മനുഷ്യനോടുള്ള ആത്യന്തികപ്രേമത്താൽ ഇടശ്ശേരിയുടെ പാവപ്പെട്ട കർഷകകക്ഷികൾ നൽകിയ ഉറുപ്പികകളാണ് ഈ നിധിയിൽ ഏറിയകൂറം. കഥാവശേഷനായ ഉറൂബിനു പുറമേ, ഇടശ്ശേരിയുടെ പ്രേഷ്ഠസുഹൃത്തായ എം. ആർ.ബിയും കടവനാട് കുട്ടിക്കൃഷ്ണനും പവനനും കൊളാടി ഗോവിന്ദൻകുട്ടിയും കെ.വി. രാമകൃഷ്ണനും സി. ചോയുണ്ണിയും സി. ഗോവിന്ദനും ഇ. രാമനും പി. കൃഷ്ണവാരിയരും ടി.കെ. മുഹമ്മദും പി. നാരായണൻവൈദ്യരും പി.ടി. നരേന്ദ്രമേനോനും വടേക്കര ബാലൻനായരും ആർ. രാമചന്ദ്രനും എൻ.എൻ. കക്കാടും കെ. ഗോപാലകൃഷ്ണനും എ.പി.പി. നമ്പൂതിരിയും സി.വി. ഗോവിന്ദനും എൻ.എൻ. തലാപ്പിലും പി.എം. പള്ളിപ്പാടും ചൊവ്വല്ലൂർ കൃഷ്ണൻകുട്ടിയും ചാത്തനാത്ത് അച്യുതനുണ്ണിയും പി.എം. നാരായണനും മററും മററും മനഃസാക്ഷികൊണ്ട് വിയർപ്പൊഴുക്കി ഉണ്ടാക്കിത്തീർത്തതാണ് ഇന്നുള്ള സംഖ്യ. റിട്ടയേർഡ് കലക്ടർ പി.വി. ശങ്കുണ്ണിവാരിയർ, സി. ഹരിദാസ് എം.പി. എന്നിങ്ങനെ പലരെയും ഇവിടെ സ്മരിക്കേണ്ടതുണ്ട്. നായനാർ ഗവൺമെന്റ് കെട്ടിടംപണിക്കുവേണ്ടി സദയം അനുവദിച്ച 25,000 ക. കൂടി ചേർത്താലും ഇടശ്ശേരി സ്മാരകനിധി ഇന്നുവരെയും ഒരു ലക്ഷമായിട്ടില്ല എന്നതൊരു അനിഷേധ്യസത്യമാണ്. എങ്കിലും ഞങ്ങളാരും ഈ അമാന്തത്തെപ്പററി കുണ്ഠിതപ്പെടുന്നില്ല. ഇടശ്ശേരിതന്നെ കുണ്ഠിതപ്പെടുന്നില്ല എന്നതാണ് വാസ്തവം. എന്തിനു കുണ്ഠിതപ്പെടുന്നു? 'കാലോഹ്യയം നിരവധിർവിപുലാ ച പൃത്ഥ്വി' എന്ന് ഇടശ്ശേരിക്കുതന്നെ അറിയാമായിരുന്നു. അതറിയുന്നവനല്ലാതെ, 'ആമയും മുയലും' എന്ന കവിത എഴുതാൻ തോന്നുകയില്ല.

1966-ൽ ഇടശ്ശേരിയുടെ ഷഷ്ടിപൂർത്തിഘട്ടത്തിൽ സുകുമാർ അഴീക്കോടെഴുതുകയുണ്ടായി: "യുവകവികൾക്കിടയിൽ ചങ്ങമ്പുഴയും കുഞ്ഞിരാമൻനായരും വൈലോപ്പിള്ളിയും ബാലാമണിഅമ്മയും പരിചിതരായത്ര ഇടശ്ശേരി പരിചിതനായില്ല. എന്നാൽ പരിചയപ്പെട്ടപ്പോൾ മുൻപറഞ്ഞ കവികൾക്കൊപ്പം എന്റെ ആസ്വാദനശിഖരങ്ങളിൽത്തന്നെ ഇടശ്ശേരി സ്ഥിതിചെയ്യുന്നു എന്നു ഞാൻ സവിസ്മയം മനസ്സിലാക്കുന്നു. കാരണവശാൽ ശ്രദ്ധിക്കപ്പെടാതെപോയ ഒരു കവി ഇത്ര ശ്രദ്ധാർഹനാണെന്നറിയാൻ ഇടവരുമ്പോൾ ഉണ്ടാകുന്ന അദ്ഭുതം അത്ര ചാരിതാർഥ്യജനകമല്ല." കേരളത്തിലെ കൃഷിക്കാരുടെ കവിയായ ഇടശ്ശേരിയുടെ ഷഷ്ടിപൂർത്തി, മറേറതു കവിയുടെ ഷഷ്ടിപൂർത്തിയിൽനിന്നും വിഭിന്നമായ രീതിയിൽ മൂന്നുദിവസത്തെ ഉത്സവമായി പൊന്നാനിയിൽവച്ചു കൊണ്ടാടപ്പെട്ടപ്പോൾ എസ്. ഗുപ്തൻനായർ പറഞ്ഞ വാക്കുകളും ഇവിടെ സ്മരണീയമാണ്: "ഇപ്പോൾ മാത്രമാണ് ഇടശ്ശേരിയെന്ന പ്രബലനായ കവിയെ തെക്കരായ ഞങ്ങളൊക്കെ ശരിയാംവണ്ണമൊ

ന്നു നോക്കിക്കാണുന്നത്.” ഇടശ്ശേരി ഗോവിന്ദൻനായരുടെ കക്ഷികളും കർഷകരുമായ ജനത, എട്ടും പത്തും നാഴിക നടന്നു വന്ന് മൂന്നു ദിവസം പൊന്നാനിയിൽ തമ്പടിച്ചുകൂടിയത് ‘മീൻകാരൻ കുഞ്ഞൂസ’യെപ്പററി ഇടശ്ശേരി എഴുതിയ കവിതയോ അബൂബക്കറുടെ മകൾ ആയിഷയെപ്പററി ഇടശ്ശേരി എഴുതിയ നാടകമോ വായിച്ചിട്ടായിരുന്നില്ല. പയറുവിത്തും കുമ്പളവിത്തും പോലെ നട്ടാൽ മുളച്ചു വരുന്ന സസ്യമാണ് സ്നേഹം എന്ന്, ശ്വസിച്ചുകൊണ്ടിരുന്ന എല്ലാ നിമിഷങ്ങളിലും നിശ്ശബ്ദം പ്രഖ്യാപിച്ച മനുഷ്യനായിരുന്നു ഇടശ്ശേരി. ഇടശ്ശേരി കവിയല്ലെന്നു നിങ്ങൾ പറഞ്ഞോളൂ. അദ്ദേഹത്തിനൊരു ചുക്കുമില്ല. മനുഷ്യനല്ലെന്നു പറയുമോ? അതു നിങ്ങൾ പറഞ്ഞാലും ഇടശ്ശേരി ഒന്നു പൊട്ടിച്ചിരിച്ചശേഷം നിങ്ങളുടെ അഭിപ്രായത്തിന്നുപോൽബലകമായ എന്തെങ്കിലും ചൂണ്ടിക്കാണിച്ചു തരികയാവും ഉണ്ടാവുക. പക്ഷേ, പൊന്നാനിത്താലൂക്കിലെ മണ്ണുപുരണ്ട മനുഷ്യൻ അവന്റെ മോതിരമിടാത്ത കൈകൊണ്ട് നിങ്ങളുടെ ചെപ്പയ്ക്കടിക്കും.

അതെ, ആ ജനങ്ങളുടെ സ്നേഹമാണ് മെല്ലെമെല്ലെ, വളരെ മെല്ലെ, ഇടശ്ശേരി സ്മാരകപ്രവർത്തനങ്ങളായി ഉയർന്നുവരുന്നത്. അതിനിയും വളരും. എവിടംവരെ എന്നും എപ്പോഴെപ്പോൾ എന്നും നാമിപ്പോൾ കവിടിവാരിയിട്ടു ഗണിക്കേണ്ടതില്ല. ഒന്നുമാത്രം പറയാം; ഷഷ്ടിപൂർത്തിയോടുകൂടിയേ കേരളത്തിന്റെ മുഴുവൻ കവിയായി ഇടശ്ശേരി ഉയർന്നുള്ളു എന്ന സത്യത്തിൽ മററു പല സത്യങ്ങളും ഒളിഞ്ഞുകിടപ്പുണ്ട്. മരണത്തോടുകൂടിയാണ് ഈ കവി, ഈ മഹാകവി, തന്റെ യഥാർഥ ജീവിതം ആരംഭിച്ചത്. ഇങ്ങനെ ആരെങ്കിലും ഇതിനുമുൻപും മലയാളത്തിൽ ഉണ്ടായിട്ടുണ്ടോ എന്നാണെങ്കിൽ, ഉണ്ടെന്നാണെന്റെ അഭിപ്രായം. കുമാരനാശാൻ തീർച്ചയായും മരണത്തോടുകൂടി ശരിക്കു ജനിച്ച കവിയാണ്. ഇടശ്ശേരിയെ സംബന്ധിച്ചിടത്തോളം ഈ സവിശേഷതയ്ക്കു കാരണം കുറെയൊക്കെ അദ്ദേഹത്തിന്റെ കവിതയുടെ സ്വഭാവവും അതിലധികം അദ്ദേഹത്തിന്റെ അന്തസ്സത്തയുടെ സ്വഭാവവുമാണ് എന്നാണ് എന്റെ അഭിപ്രായം. കവിതയുടെ സ്വഭാവം എന്നു പറഞ്ഞപ്പോഴുദ്ദേശിച്ചത് ഇതാണ്: എല്ലാവർക്കും മനസ്സിലാവുന്ന പദങ്ങൾ എല്ലാവർക്കും സ്വാധീനമായ ഈണങ്ങളിൽ എഴുതുക എന്നതായിരുന്നില്ല അദ്ദേഹത്തിന്റെ രീതി. ഒരനുഭൂതിയെ ആവിഷ്കരിക്കാൻ ഒരു വാക്കേയുള്ളു എന്ന പക്ഷക്കാരനായിരുന്നു ഇടശ്ശേരി. ‘ദന്തി’യും ‘ഹസ്തി’യും ആനയുടെ പര്യായമാണെന്നു നാം പറയുമ്പോൾ ഇടശ്ശേരി പറയുന്നത് ‘ദന്തി’ എന്ന വാക്കിന്നർഥം കൊമ്പുള്ളവനെന്നും ‘ഹസ്തി’ എന്ന വാക്കിന്നർഥം ‘തുമ്പിക്കൈ ഉള്ളവൻ’ എന്നും ആണെന്നാണ്. ഈ കാരണത്താൽ അദ്ദേഹത്തിന് അക്കാലത്ത് അനുവാചകരായിക്കിട്ടിയ ജനത്തിന്റെ മണ്ഡലം കുറവായിരുന്നു. ഈ കാരണത്താൽത്തന്നെയാണ് ഇടശ്ശേരിയുടെ കവിത പൊന്നാനിക്കാർക്കു മാത്രമേ മനസ്സിലാവൂ എന്ന പിറുപിറുപ്പ് ഒരു കാലത്തിവിടെ പൊന്തിവന്നതും. അദ്ദേഹമൊരു ‘സാംസ്ഥാനികകവി’യാണ് എന്ന ആക്ഷേപം ഒരു പ്രശംസയായിട്ടാണ് അദ്ദേഹം സ്വീകരിച്ചിരുന്നത്. “അതേ, ഞാൻ പൊന്നാനിക്കാരുടെ കവിയാ, അതുകൊണ്ടാർക്കാ നഷ്ടം?” എന്ന് ഇപ്പോഴും എന്റെ ചെവിട്ടിൽ പറയുന്നതുപോലെ തോന്നുന്നു.

പക്ഷേ, ഇന്നദ്ദേഹം കേരളത്തിന്റെ മുഴുവൻ കവിയായി ആദരിക്കപ്പെടുന്നു. അദ്ദേഹത്തിന്റെ പ്രയോഗങ്ങളുടെ ഉള്ളിലേക്കു കടക്കുവാൻ സഹൃദയന്മാർ എന്തു ക്ളേശവും സഹിക്കുന്നു. മനസ്സിലാവാത്ത പ്രയോഗങ്ങളെപ്പററി കത്തെഴുതിയിട്ടുപോലും അന്വേഷിക്കുന്നു. എന്തുകൊണ്ട് ഇങ്ങനെയൊക്കെ സംഭവിക്കുന്നു?

അതാണ് ഞാൻ മുൻപുപറഞ്ഞത് അന്തസ്സത്ത എന്ന്. ഇടശ്ശേരി ആദ്യം ചെത്തിക്കോരി വെടിപ്പാക്കാൻ മിനക്കെട്ടത് സ്വന്തം മനസ്സാക്ഷിക്കുള്ളിലെ കാടാണ്. മഹർഷിതുല്യനായ ഒരു വ്യക്തിപ്രഭാവമുള്ളവനുമാത്രമേ മഹർഷിസാധാരണകൃതികളുണ്ടാക്കാൻ കഴിയൂ. സ്വന്തം അഹന്തയെ പിടിച്ചു തടവിലിട്ടശേഷം ചുററുപാടുമുള്ള മനുഷ്യരെ, ജീവജാലങ്ങളെ മുഴുവനും സ്നേഹിക്കുകയും ആ സ്നേഹത്തിനു നിരക്കുന്ന കാര്യങ്ങൾ മാത്രം പറയുകയും പറഞ്ഞ വാക്കിന്നനുസരിച്ച് പ്രവർത്തിക്കുന്നതിനുവേണ്ടി ക്ളേശം സഹിക്കുന്നതിലൂടെ ഉയരുകയുമാണ് അദ്ദേഹം ചെയ്തത്. ആ ഉയർച്ചയ്ക്കു ശേഷമേ അദ്ദേഹം മുൻപിൽ എത്തിപ്പെട്ടുള്ളു. അതിനാൽ ഞാൻ കണ്ട എല്ലാ നിമിഷങ്ങളിലും അദ്ദേഹം ദേവതുല്യമായ ഒരു പ്രഭാപരിവേഷമുള്ള വെറും മനുഷ്യനായിരുന്നു. ആ ദേവതുല്യനായ മനുഷ്യന്റെ അനുഭൂതികളെ കവിതകളാക്കി കാലത്തിന്റെ ചുമരുകളിൽ എഴുതിയിടുകയാണ് എന്നും അദ്ദേഹം ചെയ്തത്. അതുകൊണ്ടുതന്നെയാണ് ആ അനശ്വരതയുടെ മഹാകാവ്യഭംഗി ഓരോ ദിവസം കഴിയുംതോറും വർധിച്ചു വർധിച്ചു വരുന്നതും – ഇതിന് ദൃഷ്ടാന്തമായി അദ്ദേഹത്തിന്റെ ഏതു കവിതയിൽനിന്നും ഉദ്ധരിക്കാവുന്നതാണ്. ആദ്യത്തെ കവിതയും അവസാനത്തെ കവിതയും ഈ കാര്യത്തിൽ ഏകത്വം പ്രദർശിപ്പിക്കുന്നു.

ഇടശ്ശേരിക്കവിത അനുവാചകലോകത്തിന്റെ ഹൃദയത്തിലേക്ക് ആമയെപ്പോലെയാണ് കടന്നുചെല്ലുന്നത്. ഒരിക്കൽ ആ കവിതയുടെ ആരാധകനായാൽപ്പിന്നെ ഒരിക്കലും നിങ്ങളതിൽനിന്നും മടുത്തുമാറുന്നില്ല. ഇടശ്ശേരി പാടിയിട്ടുള്ളതുപോലെ ‘ഭക്തിയാം ചൂണ്ടലൊരിക്കൽ വിഴുങ്ങിയ ഭാഗ്യഹീനന്നില്ല മുക്തി പിന്നെ.’ ഇതാണ് യഥാർഥ കവിതയുടെ ചിരയൗവനം എന്നുപറയുന്നത്. ഇതുകൊ

ണ്ടുതന്നെയാണ് കവി മരിച്ചതിനുശേഷവും ആ കവിതയുടെ ആരാധകരുടെ തുക മെല്ലെ മെല്ലെ വർധിച്ചുവർധിച്ചു വരുന്നത്. ഈ പോക്ക് എവിടംവരെ എന്നു പറയാൻ ജനിക്കാനിരിക്കുന്ന തലമുറകൾക്കേ കഴിയൂ.

എനിക്കാണെങ്കിൽ, അദ്ദേഹം ഗുരുമാത്രമല്ല; അച്ഛനും അമ്മയും കൂടി ആയിരുന്നു.

'അമ്മയുമച്ഛനുമായി-
ട്ടെന്നെസ്സേവിച്ച ധർമശാസ്താവേ,
എങ്ങനെ പുലരേണ്ടൂ ഞാന-
നങ്ങയിൽനിന്നററുവീണ ലോകത്തിൽ'

എന്ന അമ്പരപ്പ് ഇന്നും എന്നെ വലയം ചെയ്തു നിൽക്കുന്നു.

എന്നാൽ, അദ്ദേഹത്തിൽ നിന്നു ഞാൻ പഠിച്ച ഏററവും വലിയ പാഠം, ഒരുപക്ഷേ,

'ഇല്ലനുകർത്താവിനില്ല തൻ ജീവിത-
വല്ലരിയിൽപ്പൂവിരിഞ്ഞു കാണാൻ വിധി'

എന്ന ബോധം തന്നെയല്ലയോ? ഇപ്പോൾ ഞാൻ എന്നോടുതന്നെ ചോദിക്കുന്ന ചോദ്യമാണിത്. എന്തായാലും ഇടശ്ശേരി സ്മാരക പ്രവർത്തനത്തിൽ മറേറതെങ്കിലും സ്മാരകപ്രവർത്തനത്തിന്റെ അനുകരണമുണ്ടെന്ന് ആരും പറയില്ല. ഇടശ്ശേരിക്ക് അതിനെപ്പററി സമാധാനിക്കാമെന്നാണ് എന്റെ വിനീത വിശ്വാസം. അദ്ദേഹം തന്നെ പാടിയിട്ടുള്ളതുപോലെ,

'എനിക്കിതേവേണ്ടൂ,
പറഞ്ഞുപോകരു-
തിതുമറെറാന്നിന്റെ
പകർപ്പെന്നുമാത്രം.'